## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2682** **12/02/2019-ലെ മറുപടി**

## ഡാമുകളുടെ പരിസരങ്ങളിൽ താമസിക്കുന്നവർ നേരിടേണ്ടി വന്ന പ്രശ്നങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) ഇക്കഴിഞ്ഞ പ്രളയത്തിൽ ഡാമുകളുടെ പരിസരങ്ങളിൽ താമസിക്കുന്നവർ നേരിടേണ്ടി വന്ന പ്രശ്നങ്ങൾ പഠിക്കുവാൻ ഡാം സേഫ്റ്റി അതോറിറ്റിയ്ക്ക് നിർദ്ദേശം നൽകുമോ; | എ | ഇക്കാര്യം പരിശോധിക്കാവുന്നതാണ് |
| ബി) ഫ്ളഡ് മാപ്പിങ്ങ് പോലുള്ള നടപടിക്രമങ്ങൾ നേരത്തെ പരിശോധിച്ചിരുന്നുവെങ്കിൽ ഇത്രയും വലിയ ദുരന്തം ഉണ്ടാകുമായിരുന്നില്ലെന്ന കാര്യം വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; | ബി | ജലസേചന വകുപ്പിലെ ഡാമുകൾ എല്ലാം കൃഷി,കുടിവെള്ളം,വൈദ്യുതോത്പാദനം, എന്നീ ആവശ്യങ്ങൾ നിറവേറ്റുന്നതിനായാണ് രൂപകൽപന ചെയ്തിട്ടുള്ളത്. മഴക്കാലത്ത് FRL വരെ ജലം സംഭരിക്കുകയും നിലവിലുള്ള ഗൈഡ് ലൈൻ അനുസരിച്ച് അധിക ജലം നിയന്ത്രിതമായി തുറന്നു വിടുകയുമാണ് ചെയ്തു വരുന്നത്. 2018 ആഗസ്റ്റ് മാസത്തിലെ സമാനതകളില്ലാത്ത പ്രളയത്തിന്റെ അടിസ്ഥാനത്തിൽ ഫ്ളഡ് ഫോർകാസ്റ്റിംഗ്, ഇന്റഗ്രേറ്റഡ് റിസർവോയർ ഓപ്പറേഷൻ എന്നിവക്ക് ആവശ്യമായ പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>DRIP പദ്ധതിയിൽ ഉൾപ്പെടുത്തി CWC, 14 ഡാമുകളുടെ Inundation map തയ്യാറാക്കിയിട്ടുണ്ട്. CWC തയ്യാ |

| | | |
|---|---|---|
| | | റാക്കിയ Inundation map ഉപയോഗിച്ച് EAP തയ്യാറാക്കി CWCക്ക് സമർപ്പിച്ചിട്ടുണ്ട്. |
| സി) ഡാമുകളുടെ പരിസരവാസികളുടെ പ്രശ്നങ്ങൾ കാലാവസ്ഥ വകുപ്പും കേന്ദ്രസർക്കാരിന്റെ ഏജൻസികളും ഡാമുകളുടെ ചുമതലയുള്ള അതോറിറ്റിയെയും സ്ഥാപനത്തെയും നേരത്തെ അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ? | സി | അറിയിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ